# ന്യായാധിപന്റെ തന്ത്രം

•പുനരാഖ്യാനം: പുത്തൂർ ഇബ്രാഹീം കുട്ടി

ഉമറുബ്നു അബ്ദുൽ അസീസ് എന്ന ഭരണാധികാരിയുടെ കാലത്ത് നടന്ന ഒരു സംഭവം. അദ്ദേഹത്തിന്റെ ഭരണകാലത്ത് ഇറാഖിലെ മുഖ്യന്യായാധിപൻ ഇയാസ് ഇബ്നു മുആവിയ ആയിരുന്നു. എത്ര വലിയ പരാതികൾ വന്നാലും വേണ്ട രീതിയിൽ കൈകാര്യം ചെയ്യാനും സത്യം തെളിയിക്കാനും അദ്ദേഹത്തിന് വലിയ കഴിവായിരുന്നു.

ഒരിക്കൽ രണ്ടുപേർ അദ്ദേഹത്തിന്റെ അടുക്കൽ പരാതിയുമായി എത്തി. പരാതിക്കാരൻ പറഞ്ഞു: ഞാൻ ഇദ്ദേഹത്തിന്റെ പക്കൽ കുറച്ച് ധനം സൂക്ഷിക്കാൻ കൊടുത്തിരുന്നു. എനിക്ക് ആവശ്യം വന്നപ്പോൾ തിരികെ ചോദിച്ചു. അദ്ദേഹം പറയുന്നു, ഞാനയാൾക്ക്



▸▸ ഇന്ത്യയിൽ ആദ്യമായി ആക്ടിങ് പ്രധാനമന്ത്രി പദവി വഹിച്ചത്– ഗുൽസാരിലാൽ നന്ദ

## ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

കേരള സർക്കാരിന്റെ കീഴിൽ 1981 മെയ് 27-ന് ആരംഭിച്ച സ്ഥാപനമാണ് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. തിരുവനന്തപുരമാണ് ആസ്ഥാനം. ബാലസാഹിത്യ പുസ്തകങ്ങളിലൂടെയും ബാലമാസികകളിലൂടെയും ക്യാമ്പുകളിലൂടെയും കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുക, അവരുടെ സർവതോമുഖമായ വളർച്ചക്കുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യം. 'തളിര്' എന്ന ബാലമാസികയും വിവിധ പുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്നുണ്ട്.




പണം നൽകിയിട്ടേയില്ലെന്ന്.

ന്യായാധിപൻ ഇയാസ് സൂക്ഷിക്കാൻ ഏൽപിച്ച മുതലിനെ കുറിച്ച് പ്രതിയായ രണ്ടാമനോട് ചോദിച്ചു. അയാൾ പണം വാങ്ങിയിട്ടില്ലെന്ന് ഉറപ്പിച്ചു പറഞ്ഞു. 'ഞാൻ പണം വാങ്ങി എന്നതിന് വല്ല തെളിവും ഉണ്ടെങ്കിൽ ഹാജരാക്കട്ടെ.'

ഇയാസ് കുഴങ്ങി. സത്യം എങ്ങനെ തെളിയിക്കും? ന്യായാധിപൻ പരാതിക്കാരനോട് എവിടെവെച്ചാണ് താങ്കൾ പണം നൽകിയതെന്ന് ചോദിച്ചു.

പരാതിക്കാരൻ സ്ഥലവും സമയവും വിവരിച്ചു കൊടുത്തു.

ഒരു മരത്തിന്റെ ചുവട്ടിലാണ് ഞങ്ങൾ ഇരുന്നത്. അവിടെ തണലിൽ ഞങ്ങൾ ഒന്നിച്ചിരുന്ന് ആഹാരവും കഴിച്ചിരുന്നു. പിരിഞ്ഞുപോകുമ്പോഴാണ് പണം ഏൽപ്പിച്ചത്.

ന്യായാധിപൻ പരാതിക്കാരനോട് പറഞ്ഞു: നീ ആ മരത്തിന്റെ അടുത്തേക്ക് പോവുക. അവിടെയെത്തുമ്പോൾ എവിടെയാണ് പണം വെച്ചതെന്ന് നിനക്കോർമ വരും. അതുകൊണ്ട് എന്തു ചെയ്തുവെന്നും.

പരാതിക്കാരൻ മരത്തിനടുത്തേക്ക് നടന്നു.

കൂട്ടുകാരൻ വരുന്നതുവരെ താൻ ഇവിടെത്തന്നെ ഇരിക്കണമെന്ന് പ്രതിയോട് ന്യായാധിപൻ കൽപിച്ചു. ന്യായാധിപൻ ഇതിനിടയിൽ മറ്റു ജോലികളിൽ വ്യാപൃതനാവുകയും ചെയ്തു.

നിന്റെ കൂട്ടുകാരൻ ഇപ്പോൾ നിന്നെ പണമേൽപിച്ച സ്ഥലത്ത് എത്തിക്കാണുമോ?

യാദൃച്ഛികമായി ന്യായാധിപൻ പ്രതിയോട് ചോദിച്ചു. ഏയ് എത്തിക്കാണില്ല. അത് കുറെക്കൂടി ദൂരെയാണ്. പ്രതി മറുപടി പറഞ്ഞു.

ന്യായാധിപൻ ക്ഷുഭിതനായി. നിന്നെ പണമേൽപ്പിച്ച കാര്യം ആദ്യം നീ നിഷേധിച്ചു. ഇപ്പോൾ പണം വാങ്ങിയ സ്ഥലം നിനക്ക് ഓർമ വന്നു അല്ലേ...

കൂട്ടുകാരൻ തിരിച്ചെത്തിയപ്പോൾ എത്രയും വേഗം വാങ്ങിയ പണം തിരിച്ചേൽപിക്കാൻ ന്യായാധിപൻ വിധി പ്രഖ്യാപിച്ചു.

ഇയാസ് എന്ന ന്യായാധിപന്റെ സൂത്രം ഫലിക്കുകയും ചതിയനായ പ്രതിയിൽനിന്ന് പണം ലഭിക്കുകയും ചെയ്തു.

•

▸▸ ഇന്ത്യയിലെ ആദ്യ കളർ സിനിമ– കിസാൻ കന്യ